
ഡിസംബർ 2014

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപത്രിക

# ഗണ്യമായ വളർച്ച രേഖപ്പെടുത്തിയ എച്ച്എൽഎൽ 453 ലക്ഷം ലാഭവിഹിതം നൽകി





453 ലക്ഷം രൂപയുടെ ലാഭവിഹിതം എച്ച്എൽഎൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഡോ.എം. അയ്യപ്പൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ശ്രീ. ജഗത് പ്രകാശ് നഡ്ഡയ്ക്ക് കൈമാറുന്നു.

എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് 2013–14 സാമ്പത്തിക വർഷത്തിൽ ഗണ്യമായ വളർച്ച രേഖപ്പെടുത്തി. 453 ലക്ഷം രൂപയുടെ ലാഭവിഹിതം എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം. അയ്യപ്പൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ. ജഗത് പ്രകാശ് നഡ്ഡയ്ക്ക് കൈമാറി. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സെക്രട്ടറി ശ്രീ. ലവ് വർമ്മയും മന്ത്രാലയത്തിലെ മറ്റു മുതിർന്ന ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

എച്ച്എൽഎല്ലിന്റെ ദ്രുതഗതിയിലുള്ള സുസ്ഥിര വളർച്ചയെ കേന്ദ്രമന്ത്രി ശ്രീ. ജെ.പി നഡ്ഡ അഭിനന്ദിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 1,586 കോടി രൂപയുടെ റെക്കോർഡ് വ്യാപാരമാണ് എച്ച്എൽഎൽ നടത്തിയത്. സ്ഥാപനത്തിന്റെ എല്ലാ സംരംഭത്തിനും കേന്ദ്ര സർക്കാരിന്റെ പൂർണ്ണ പിന്തുണ അദ്ദേഹം ഉറപ്പുനൽകി. കേന്ദ്ര സർക്കാരുമായുള്ള ധാരണാപത്രത്തിൽ എച്ച്എൽഎല്ലിന്റെ പ്രവർത്തനങ്ങളെ മികവുറ്റത് എന്നാണ് കഴിഞ്ഞ അഞ്ചു വർഷമായി രേഖപ്പെടുത്തി വരുന്നത്.

മാതൃ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്(HLL), ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റിനും (HLFPPT), ലൈഫ് സ്പ്രിംഗ് ഹോസ്പിറ്റൽസ്, എച്ച്എൽഎൽ ബയോടെക്ക്(HBL), ഗോവ ആന്റിബയോട്ടിക്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (GAPL), എച്ച്എൽഎൽ ഇൻഫ്രാ ടെക്ക് സർവ്വീസ് ലിമിറ്റഡ്(HITES), എന്നീ ആറ് സ്ഥാപനങ്ങൾ ചേർന്നതാണ് എച്ച്എൽഎൽ ഗ്രൂപ്പ്. ഗർഭനിരോധന ഉറ, ആശുപത്രി ഉൽപ്പന്നങ്ങൾ, മരുന്നുകൾ, വ്യക്തി ശുചിത്വത്തിനായുള്ള ഉൽപ്പന്നങ്ങൾ എന്നിവയാണ് എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിൽ ഉൽപ്പാദിപ്പിക്കുന്നത്. കൂടാതെ രോഗനിർണയ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. എച്ച്എൽഎൽ ബയോടെക് നിലവിൽ, ചെന്നൈയ്ക്ക് അടുത്തുള്ള ചെങ്കൽപേട്ടിൽ 594 കോടിരൂപയുടെ സംയോജിത വാക്സിൻ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പൊതുമേഖലയിൽ ആദ്യമായാണ് നടപ്പാക്കുന്നത്.

എച്ച്എൽഎൽ പുതുതായി ആരംഭിച്ച സഹസ്ഥാപനമായ് എച്ച്എൽഎൽ ഇൻഫ്രാ ടെക്ക് സർവ്വീസ് ലിമിറ്റഡ് (HITES) ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റു വിവിധ സേവനങ്ങൾക്കും ഊന്നൽ നൽകിയാണ് പ്രവർത്തിക്കുന്നത്. എച്ച്എൽഎല്ലുമായും അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ ആഗോള സംരംഭമായ അക്യുമെൻ ഫണ്ടുമായും തുല്യ പങ്കാളിത്തത്തോടെ ഹൈദരാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നവയാണ് ലൈഫ്സ്പ്രിംഗ് ഹോസ്പിറ്റലുകൾ. മാതൃപരിചരണവും പ്രസവാനന്തര ശുശ്രൂഷകളും മിതമായ നിരക്കിൽ ഈ ആശുപത്രികളിൽ ലഭ്യമാക്കുന്നുണ്ട്.

ഗോവ ആന്റിബയോട്ടിക്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ (GAPL) 74 ശതമാനം ഓഹരികളും എച്ച്എൽഎല്ലിന്റെ കൈവശമാണ്. കൂടാതെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റിനും (HLFPPT) എച്ച്എൽഎൽ സഹായം നൽകുന്നുണ്ട്. പ്രജനന- ശിശു ആരോഗ്യ സംരക്ഷണം, എച്ച്ഐവി എയ്ഡ്സ് നിവാരണം എന്നിവയാണ് 1991-ൽ രൂപംകൊണ്ട എച്ച്എൽഎഫ്പിപിടിയുടെ ലക്ഷ്യങ്ങൾ.

ഈ സാമ്പത്തിക വർഷത്തിൽ 1,586 കോടി രൂപയുടെ റെക്കോർഡ് വ്യാപാരമാണ് എച്ച്എൽഎൽ നടത്തിയത്.



corporate news.indd 1 12/31/2014 4:32:01 PM

# പുതിയ കേന്ദ്ര ആരോഗ്യ മന്ത്രി ചുമതലയേറ്റു

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രിയായി ശ്രീ. ജഗത് പ്രകാശ് നഡ്ഡ നവംബർ 10 നു ചുമതലയേറ്റു. ഹിമാചൽ പ്രദേശ് മുൻ എം എൽ എ, വനം- പരിസ്ഥിതി വകുപ്പ് മന്ത്രി, നിയമ മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എച്ച്എൽഎൽ ചെയർമാൻ & മാനേജിങ് ഡയറക്ടർ ഡോ.എം അയ്യപ്പൻ പുതിയ കേന്ദ്ര മന്ത്രിയുമായി നവംബർ 13 നു ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.



# സർക്കാർ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നവർ 30 ശതമാനത്തിനു താഴെ

## സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറി



ഭാരതത്തിൽ സർക്കാരിന്റെ ആരോഗ്യ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നത് 30 ശതമാനത്തിൽ താഴെ ആളുകൾ മാത്രമാണെന്ന് കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ഡോ.കെ.ഇളങ്കോവൻ പറഞ്ഞു.

പ്രഗൽഭരായ ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടും പൊതുജനത്തെ സർക്കാർ ആശുപത്രികളിൽ നിന്നകറ്റുന്നത് അവശ്യമരുന്നുകളുടേയും രോഗനിർണയ സംവിധാനങ്ങളുടേയും അപര്യാപ്തതയാണെന്ന് എച്ച്എൽഎൽ അക്കാദമി സംഘടിപ്പിച്ച ആരോഗ്യമേഖലയിലെ സംഭരണ മാനേജ്മെന്റിനെക്കുറിച്ചുള്ള അന്താരാഷ്ട്ര പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യവേ അദ്ദേഹം അഭിപ്രായപ്പെട്ടു. ലോക ബാങ്കിന്റേയും കേന്ദ്ര സർക്കാരിന്റേയും സഹകരണത്തോടെയാണ് എച്ച്എൽഎൽ അക്കാദമിയിൽ അഞ്ചു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതോടെ സർക്കാർ ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ എട്ടുശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്. ഇത് ആരോഗ്യമേഖലയിലെ ഫലപ്രദമായ സംഭരണ മാനേജ്മെന്റിന്റെ ആവശ്യകതയെയാണ് ചൂണ്ടിക്കാട്ടുന്നതെന്ന് ഡോ. ഇളങ്കോവൻ പറഞ്ഞു. ആരോഗ്യരംഗം കൃത്യമായി വിലയിരുത്തുന്നതിലും മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ ഈ പരിശീലന പരിപാടി വളരെ പ്രസക്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മരുന്നുകളുടേയും ഉപകരണങ്ങളുടേയും സമാഹരണവും വിതരണവും രാജ്യത്തെ ആരോഗ്യ പരിരക്ഷയിൽ നിർണായക പങ്കു വഹിക്കുന്നുവെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന മുൻ കേന്ദ്ര സെക്രട്ടറി ശ്രീ. ആർ പൂർണലിംഗം അഭിപ്രായപ്പെട്ടു. ബീഹാർ പോലുള്ള സംസ്ഥാനങ്ങൾ ആരോഗ്യ രംഗത്ത് പിന്നാക്കം നിൽക്കുന്നതിന് കാരണം ഇതിലെ പോരായ്മയാണെന്നും അദ്ദേഹം പറഞ്ഞു. ലോക ബാങ്ക് കപ്പാസിറ്റി കോഓർഡിനേറ്റർ ശ്രീ എ.കെ. കലേഷ് കുമാർ, എച്ച്എൽഎൽ മാർക്കറ്റിംഗ് ഡയറക്ടർ ഡോ. ബാബു തോമസ്, എച്ച്എൽഎൽ അക്കാദമി മേധാവി ജി. ശ്രീകുമാർ, ആൻഗ്ലോസ്കേപ് ഡയറക്ടർ പ്രൊഫസർ എൻ. കെ. മോഹൻദാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എച്ച് എൽഎൽ ലൈഫ് കെയർ ലിമിറ്റഡിന്റെ അക്കാദമിക വിഭാഗമായ എച്ച്എൽഎൽ അക്കാദമി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ എൻആർഎച്ച്എം, വിവിധ സംസ്ഥാനങ്ങളിലെ ആരോഗ്യ വകുപ്പുകൾ എന്നിവിടങ്ങിൽ നിന്നായി 36 പ്രതിനിധികൾ പങ്കെടുത്തു.




എച്ച്എൽഎൽ അക്കാദമി അന്താരാഷ്ട്ര പരിശീലന പരിപാടി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ഡോ.കെ.ഇളങ്കോവൻ ഉദ്ഘാടനം ചെയ്യുന്നു. മുൻ കേന്ദ്ര സെക്രട്ടറി ശ്രീ. ആർ പൂർണലിംഗം, എച്ച്എൽഎൽ മാർക്കറ്റിംഗ് ഡയറക്ടർ ഡോ. ബാബു തോമസ് എന്നിവർ സമീപം.



corporate news.indd 2 12/31/2014 4:32:03 PM

# വ്യാവസായിക സാംസ്കാരിക രംഗത്ത് പുത്തൻ പ്രതീക്ഷകൾ ഉണർത്തി

# സർഗസംഗമം 2014



വ്യാവസായിക സാംസ്കാരിക രംഗത്ത് പുത്തൻ പ്രതീക്ഷകൾ ഉണർത്തി ആറാമത് സർഗസംഗമം വിജയകരായി അരങ്ങേറി. നവംബർ 12 മുതൽ 19 വരെ എച്ച്എൽഎൽ സർഗം ഹാളിലായിരുന്നു ഉദ്ഘാടന ചടങ്ങും, നാടക മത്സരങ്ങളും നടന്നത്. കേരളത്തിലെ വിവിധ വ്യവസായ ശാലകളിലെ ജീവനക്കാരെ ഒരുമിപ്പിച്ചുകൊണ്ട് അവരുടെ സർഗവാസനകൾ പ്രദർശിപ്പിക്കാൻ വേദിയൊരുക്കുക, അതുവഴി വ്യാവസായിക ഐക്യവും നവോത്ഥാനവും സ്യഷ്ടിക്കുക എന്നതാണ് സർഗസംഗമത്തിന്റെ പ്രധാന ലക്ഷ്യം.

വിവിധ വ്യവസായ ശാലകളിൽ നിന്നും 8 നാടകങ്ങൾ ഈ വർഷത്തെ സർഗസംഗമം നാടക മത്സരങ്ങളിൽ മാറ്റുരച്ചു. കൂടാതെ സംഘഗാന-പ്രസംഗ മത്സരങ്ങളും, ഉപന്യാസ രചന, ചിത്ര രചന, മിമിക്രി മത്സരങ്ങളും ഈ ദിവസങ്ങളിൽ നടന്നു. കർമകുശലതയും കഠിന പ്രയത്നവും മാത്രമല്ല സർഗാത്മക കഴിവുകളും തങ്ങൾക്കുണ്ടെന്ന് വ്യവസായശാല പ്രവർത്തകർ ആവേശത്തോടെ തെളിയിച്ചപ്പോൾ സർഗസംഗമത്തിന്റെ ലക്ഷ്യം സാധൂകരിക്കപ്പെടുകയായിരുന്നു.

നവംബർ 11 നു നടന്ന ചടങ്ങിൽ ശ്രീ.കെ. മുരളീധരൻ എംഎൽഎ ഉദ്ഘാടനം ചെയ്തതോടു കൂടിയാണു 8 ദിവസം നീണ്ട കലയുടെ കേളികൊട്ടിനു തുടക്കമായത്. പ്രശസ്ത നാടക ചലച്ചിത്ര നടൻ ശ്രീ. നെടുമുടി വേണുവിനു 2014 ലെ സർഗസംഗമം അവാർഡ് സമ്മാനിച്ചു. 25,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. കലയോടും സാഹിത്യത്തോടുമുള്ള താൽപര്യം കുറഞ്ഞുവരുന്ന സാഹചര്യത്തിന് മാറ്റം വരുത്തി , യുവാക്കളെ കലാലോകവുമായി അടുപ്പിക്കാൻ സർഗസംഗമം പോലുള്ള പരിപാടികൾ മുതൽക്കൂട്ടാകുമെന്ന് ശ്രീ.കെ മുരളീധരൻ പറഞ്ഞു. ഇത്തരമൊരു പരിപാടി സംഘടിപ്പിക്കാൻ എച്ച്എൽഎൽ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. കലാമൂല്യങ്ങളുടെ പരിപോഷണത്തിനായി കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

മാനസിക പിരിമുറക്കങ്ങളില്ലാതെ വ്യാവസായ മേഖലകളിൽ പ്രവർത്തിക്കുന്നതിനുള്ള ഉപാധിയാണ് കലയെന്ന് മുതിർന്ന നാടകാചാര്യൻ ശ്രീ. കാവാലം നാരായണ പണിക്കർ പറഞ്ഞു. ആദ്യകാലങ്ങളിൽ സാഹിത്യ പദാർത്ഥമായി കണ്ടിരുന്ന നാടകം ഇപ്പോൾ ക്രിയാംശ പ്രധാനമായി വ്യാഖ്യാനിക്കപ്പെടുന്നു. മനുഷ്യന്റെ ഭൗതീകവും ആത്മീയവുമായ നിലനിൽപ്പിനെ പരിപോഷിപ്പിക്കാൻ സർഗസംഗമത്തിന് സാധിക്കട്ടെയെന്നും ആമുഖ പ്രംഗത്തിൽ അദ്ദേഹം ആശംസിച്ചു.

വ്യാവസായ സ്ഥാപനങ്ങളിൽ മാനേജ്മെന്റ്, തൊഴിലാളി എന്ന വേർതിരിവില്ലാതെ സഹകരണത്തോടുകൂടി പ്രവർത്തിക്കാൻ ഇത്തരം സാംസ്കാരിക സംഗമങ്ങൾ വഴി തെളിക്കണമെന്ന് പരിപാടിയിൽ അധ്യക്ഷനായിരുന്ന എച്ച്എൽഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ.എം അയ്യപ്പൻ പറഞ്ഞു. വ്യാവസായ സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനും അതുവഴി പുതിയൊരു തൊഴിൽ സാംസ്കാരവും മെച്ചപ്പെട്ട വ്യാവസായിക അന്തരീക്ഷവും വളർത്തിയെടുക്കാനും ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരിക്കലും മരിച്ചുകൂടാത്ത നാടകമെന്ന കലയ്ക്ക് കലാലയങ്ങളിലേയും വ്യവസായ സ്ഥാപനങ്ങളിലേയും ഇത്തരം കൂട്ടായ്മകളിലൂടെ പുനഃരുജ്ജീവനം ലഭിച്ചുകൊണ്ടിരിക്കുന്നതായി മറുപടി പ്രസംഗത്തിൽ ശ്രീ. നെടുമുടി വേണു പറഞ്ഞു. സർഗസംഗമം അവാർഡിനെ ഏറെ വിലമതിക്കുന്നു. തനിക്ക് പാരമ്പര്യകലയെക്കുറിച്ചുള്ള ദിശാബോധം പകർന്നു നൽകിയത് ഈ അവാർഡിന്റെ ജൂറി ചെയർമാനായ കാവാലം നാരായണപണിക്കർ ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എച്ച്എൽഎൽ മാർക്കറ്റിംഗ്വിഭാഗം ഡയറക്ടറും സർഗസംഗമം സംഘാടക സമിതി ചെയർമാനുമായ ഡോ.ബാബു തോമസ്, ടെക്നിക്കൽ & ഓപ്പറേഷൻ വിഭാഗം ഡയറക്ടർ ഡോ.കെ.ആർ.എസ്.കൃഷ്ണൻ, എസ്.ബി.ഐ ജനറൽ മാനേജർ ശ്രീ.സി.വി വെങ്കിടേഷ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. സർഗസംഗമം അവാർഡ് ജേതാവായ നെടുമുടി വേണുവിനെയും, ജൂറി ചെയർമാൻ ശ്രീ. കാവാലം നാരായണ പണിക്കരെയും എച്ച്എൽഎൽ ചെയർമാൻ & മാനേജിങ് ഡയറക്ടർ ഡോ.എം.അയ്യപ്പൻ പൊന്നാടയണിയിച്ച് ആദരിച്ചു.

കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കെ എസ് ആർ ടി സി, ടെർമൊ പെൻപോൾ, കൊച്ചിൻ റിഫൈനറി, കൊച്ചിൻ ഷിപ്പ്യാർഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ്, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് തുടങ്ങി കേരളത്തിലെ നിരവധി സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങൾ സർഗസംഗമം 2014 ൽ പങ്കെടുത്തു.

**കർമകുശലതയും കഠിന പ്രയത്നവും മാത്രമല്ല സർഗാത്മക കഴിവുകളും തങ്ങൾക്കുണ്ടെന്ന് വ്യവസായശാല പ്രവർത്തകർ ആവേശത്തോടെ തെളിയിച്ചപ്പോൾ സർഗസംഗമത്തിന്റെ ലക്ഷ്യം സാധൂകരിക്കപ്പെടുകയായിരുന്നു.**



ശ്രീ. നെടുമുടി വേണുവിനു കലാ സാംസ്കാരിക രംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ചുള്ള 2014 ലെ സർഗസംഗമം അവാർഡ് ശ്രീ. കെ.മുരളീധരൻ സമ്മാനിക്കുന്നു. എച്ച്എൽഎൽ ചെയർമാൻ & മാനേജിങ് ഡയറക്ടർ ഡോ. എം അയ്യപ്പൻ, നാടകാചാര്യൻ ശ്രീ.കാവാലം നാരായണ പണിക്കർ എന്നിവർ സമീപം.

## 8 ദിവസം 8 നാടകങ്ങൾ

കലാരംഗത്തുനിന്നും മറഞ്ഞുപോയിക്കൊണ്ടിരിക്കുന്ന നാടകം എന്ന ഉദാത്തമായ കല അതിന്റെ ചാരുത നഷ്ടപ്പെടാതെ അരങ്ങത്തേക്ക് എത്തിച്ചുകൊണ്ട് സർഗസംഗമം വ്യവസായ രംഗത്തും മാതൃകയായി. നംബർ 12 മുതൽ 19 വരെ എച്ച്എൽഎൽ സർഗം ഹാളിലായിരുന്നു നാടക മത്സരങ്ങൾ നടന്നത്. ആദ്യ ദിവസം കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ 'ഗ്രാമസങ്കീർത്തനം' എന്ന നാടകം അരങ്ങേറി. 13നു കെഎസ്ആർടിസി അവതരിപ്പിച്ച 'ഒരു ദേശം നുണപറയുന്നു' എന്ന നാടകം വേദിയിലെത്തി. മൂന്നാം ദിവസം ടെർമൊ പെൻപോളിന്റെ 'കലിവേഷം' രംഗത്തെത്തി. നാലാം ദിനം 'അവൻ അടുക്കളയിലേക്ക്' എന്ന നാടകവുമായി കൊച്ചിൻ റിഫൈനറി സർഗസംഗമം വേദിയിലെത്തി. നവംബർ 16 നു പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ 'ക്രൈം കേർ ഓഫ് ധ്രമിളൻ' അരങ്ങേറി. നവംബർ 17 നു എച്ച് എൽഎല്ലിന്റെ 'ലങ്കാലക്ഷ്മി' യും 18 ന് കൊച്ചിൻ ഷിപ്പ്യാർഡിന്റെ 'കള്ളൻ കുഞ്ഞാലൻ' എന്ന നാടകവും അരങ്ങിലെത്തി. എട്ടാം ദിവസം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ 'അന്ത്യകണം' ആയിരുന്നു വേദിയിൽ. മുതിർന്ന നാടകാചാര്യൻ ശ്രീ. കാവാലം നാരായണപണിക്കർ ആയിരുന്നു സർഗസംഗമത്തിനു ചുക്കാൻ പിടിച്ചത്. ചീഫ് ജൂറി എന്ന നിലയിൽ അദ്ദഹത്തിന്റെ സാന്നിധ്യം സർഗസംഗമം വേദിക്ക് പ്രത്യേക ഊർജം പകർന്നിരുന്നു. പ്രശാന്ത് നാരായണൻ, മോഹിനി വിനയൻ, മഹേഷ് പഞ്ചു എന്നിവരായിരുന്നു മറ്റ് ജൂറി അംഗങ്ങൾ.



corporate news.indd 3 12/31/2014 4:32:04 PM

# മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ സർഗസംഗമം

# സമാപന സമ്മേളനവും അവാർഡ് ദാനവും



സർഗസംഗമം  സമാപന സമ്മേളനം മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. ശ്രീ.കെ. മുരളീധരൻ എം.എൽ.എ, എച്ച്എൽഎൽ സി.എം.ഡി  ഡോ.എം അയ്യപ്പൻ എന്നിവർ സമീപം.

എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സംസ്ഥാന വ്യവസായ മേഖലയുടെ സാംസ്കാരിക കലാമേളയായ സർഗസംഗമത്തിന്റെ സമാപന സമ്മേളനം മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. സർഗസംഗമം ഭാഗമായി സംഘടിപ്പിച്ച   നാടകമൽസരത്തിൽ ഒന്നാമതെത്തിയ കെ.എസ്. ആർ.ടി.സിയുടെ 'ഒരു ദേശം നുണപറയുന്നു' എന്ന നാടകത്തിന് എം.കെ.കെ.  നായർ സ്മാരക അവാർഡ് മുഖ്യമന്ത്രി സമ്മാനിച്ചു. ട്രോഫിയും 25,000 രൂപയുമടങ്ങുന്നതാണ് അവാർഡ്.

എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന് കേരളത്തിൽ പുതിയൊരു യൂണിറ്റുകൂടി ആരംഭിക്കാൻ സ്ഥലം നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിനിടയിൽ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനമാണ് എച്ച്എൽഎല്ലിന്റേതെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായ ശാലകളിൽ പ്രത്യേക സംസ്കാരവും സൗഹൃദവും വളർത്തിയെടുക്കുന്നതിനുള്ള മികച്ച മാർഗം കലയാണെന്ന് എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം അയ്യപ്പൻ പറഞ്ഞു. വരും വർഷങ്ങളിൽ സർഗസംഗമം കൊച്ചിയിലും കോഴിക്കോടും സംഘടിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായശാലകളിലെ ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിൽ നിന്നു ജീവനക്കാരിലെ കലാപരമായ കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിന് സർഗസംഗമം വേദിയൊരുക്കിയതായി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ശ്രീ. കെ. മുരളീധരൻ എം.എൽ.എ പറഞ്ഞു. നാടകമത്സര വിദഗ്ധസമിതി അംഗം മഹേഷ് പഞ്ചു   സർഗസംഗമം അവലോകന റിപ്പോർട്ട് അവതരിപ്പിച്ചു. സമ്മേളനത്തിൽ സർഗസംഗമം ട്രസ്റ്റിന്റെ  ഭാഗമായി ഡിസി ബുക്ക്സുമായി സഹകരിച്ച് എച്ച്എൽഎൽ പ്രസിദ്ധീകരിച്ച 'മലയാള നാടകം ഇന്നലെ, ഇന്ന്, നാളെ' എന്ന പുസ്തകം ഡോ.എം അയ്യപ്പൻ പ്രകാശനം ചെയ്തു. പുസ്തകത്തിന്റെ ആദ്യ പ്രതി മഹേഷ് പഞ്ചുവിന് കൈമാറി.

കെ.എസ്.ആർ.ടി.സിയുടെ നാടകം സംവിധാനം ചെയ്ത ശ്രീ. സുരേഷ് ബാബുവാണ്  മികച്ച സംവിധായകനുള്ള സമ്മാനം നേടിയത്. കൊച്ചിൻ ഷിപ്പ്യാർഡിന്റെ 'കള്ളൻ കുഞ്ഞാലൻ' ആണ് മികച്ച രണ്ടാമത്തെ നാടകം. 'അന്ത്യകണ'ത്തിൽ ചാത്തുക്കുട്ടിയായി വേഷമിട്ട ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ശ്രീ. വി.കെ.രമേശനെ മികച്ച നടനായും 'ഒരു ദേശം നുണപറയുന്നു' എന്ന നാടകത്തിലെ അമ്മിണിയുടെ കഥാപാത്രത്തെ അവതരിപ്പിച്ച ശ്രീമതി ജോനിഷയെ മികച്ച നടിയായും തിരഞ്ഞെടുത്തു. 'കള്ളൻ കുഞ്ഞാലനിൽ' വേഷമിട്ട ഋഷികേശാണ് മികച്ച ബാലനടൻ. സംവിധാനത്തിന് കൊച്ചിൻ ഷിപ്പ്യാർഡിലെ ശ്രീ. സുമേഷ് ചിറ്റോരാന് ജൂറിയുടെ പ്രത്യേക പരാമർശവും ലഭിച്ചു.

ശ്രീ. കാവാലം നാരായണ പണിക്കർ ചെയർമാനായ വിദഗ്ധസമിതിയാണു നവംബർ 12 മുതൽ 19 വരെ നടന്ന നാടകമത്സരത്തിലെ വിജയികളെ തിരഞ്ഞെടുത്തത്. സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനും കലാ സ്നേഹിയും സാമൂഹ്യ സാംസ്കാരിക പ്രവർത്തകനും വിദ്യാഭ്യാസ മാനേജ്മെന്റ് വിദഗ്ധനുമായിരുന്ന എം.കെ.കെ.നായരുടെ സ്മരണാർത്ഥമാണ് മികച്ച നാടകത്തിന് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ വ്യവസായിക, സാംസ്ക്കാരിക മേഖലകളിലെ വികസനത്തിന് അദ്ദേഹം നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.  നാടകമത്സരത്തിനു പുറമേ സംഘടിപ്പിച്ച പ്രസംഗം, ചിത്രരചന, ഉപന്യാസരചന മത്സര വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

എസ്ബിഐ ചീഫ് ജനറൽ മാനേജർ ശ്രീ.ബി.സി.ദാസ്, കാനറാ ബാങ്ക് ജനറൽ മാനേജർ ശ്രീ.യു.രമേഷ് കുമാർ, എച്ച്എൽഎൽ ടെക്നിക്കൽ ആന്റ് ഓപ്പറേഷൻസ് വിഭാഗം ഡയറക്ടർ ഡോ.കെ.ആർ.എസ്.കൃഷ്ണൻ, മാർക്കറ്റിംഗ് ഡയറക്ടറും സംഘാടക സമിതി ചെയർമാനുമായ ഡോ.ബാബു തോമസ്, ഫിനാൻസ് വിഭാഗം ഡയറക്ടർ  ശ്രീ.ആർ.പി. ഖണ്ഡേൽവാൾ, കമ്പനി സെക്രട്ടറിയും എച്ച്ആർ സീനിയർ വൈസ് പ്രസിഡന്റുമായ ശ്രീ.പി.ശ്രീകുമാർ എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു. പ്രശസ്ത സംവിധായകൻ  ശ്രീ.ലെനിൻ രാജേന്ദ്രന്റെ മ്യൂസിക്കൽ ഡ്രാമ 'കരുണ' സമാപന സമ്മേളനത്തെ തുടർന്ന് അവതരിപ്പിച്ചു.



സർഗസംഗമം മികച്ച നാടകത്തിനുള്ള  എം.കെ.കെ. നായർ സ്മാരക അവാർഡ് കെ.എസ്.ആർ.ടി.സിയുടെ ജീവനക്കാർക്ക് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സമ്മാനിക്കുന്നു.



corporate news.indd 4 12/31/2014 4:32:07 PM